പ്രവാസി കേരളീയകാര്യവകുപ്പിന്റെ പ്രവർത്തനം

3'9 (1587) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കേരളീയകാര്യവകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി സ്വീകരിച്ച പ്രധാന നടപടികൾ വ്യക്തമാക്കുമോ ;

(ബി) പ്രവാസി ക്ഷേമപദ്ധതികൾക്കായി കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രവാസി കേരളീയർക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സർക്കാർ ലഭ്യമാക്കിയ പ്രവാസി ക്ഷേമപദ്ധതി പ്രകാരമുള്ള വായ്പാ സഹായത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവാസി കേരളീയകാര്യ വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. വിദേശത്തുവച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തെ സഹായിക്കുക, നാട്ടിൽ തിരിച്ചെത്തി രോഗപീഡകളാലും സാമ്പത്തിക ബാധ്യതകളാലും കഷ്ടപ്പെടുന്ന പ്രവാസികളെ സഹായിക്കുക എന്നിവയ്ക്കായി 'സാന്ത്വന' ധനസഹായപദ്ധതി നടപ്പിലാക്കി വരുന്നു.

2. വിദേശത്ത് മരണമടയുന്ന പ്രവാസികളുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിനായി 'കാരുണ്യം' ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു.

3. വിദേശത്ത് ജോലി തേടിപ്പോകുന്നവരുടെ തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പരിശീലനം സംഘടിപ്പിച്ചുപോരുന്നു.

4. നിയമാനുസരണമല്ലാത്ത റിക്രൂട്ടുമെന്റുകൾക്കെതിരെയും വിസാ തട്ടിപ്പിനെതിരെയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

5. തിരികെ എത്തുന്ന പ്രവാസികളുടെ പുനരധിവാസം ലക്ഷ്യമാക്കി അവരുടെ സാമൂഹിക, സാമ്പത്തിക പരിതസ്ഥിതികളെ സംബന്ധിച്ച പഠനം നടത്തിവരുന്നു.

6. പ്രവാസികളുടെ സമഗ്രക്ഷേമം മുൻനിർത്തി 2008-ലെ കേരള പ്രവാസി ക്ഷേമ ആക്ടിന് രൂപം കൊടുത്തു. ഇതിൻപ്രകാരം കേരള പ്രവാസി ക്ഷേമനിധിക്ക് രൂപം കൊടുക്കുകയും അതിലൂടെ പ്രവാസികൾക്കായി നാനാവിധത്തിലുള്ള ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

7. തിരുവനന്തപുരത്ത് ഒരു നോർക്ക വില്ലേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. അടിയന്തര സാഹചര്യങ്ങളിൽ വിദേശത്തുനിന്നും മലയാളികളെ നാട്ടിലെത്തിക്കേണ്ട അവസരങ്ങളിൽ അതിലേക്കായി ഒരു നിധിക്ക് രൂപം കൊടുത്ത് പ്രവർത്തിച്ചുവരുന്നു.

9. നോർക്ക, നോർക്ക-റൂട്ട്സ്, പ്രവാസി ക്ഷേമ കാര്യ ബോർഡ് എന്നീ സ്ഥാപനങ്ങൾ ഒരേ കുടക്കീഴിൽ പ്രവർത്തിപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരത്ത് ഒരു ബഹുനില മന്ദിരം പണി പൂർത്തിയായി വരുന്നു.

10. നോർക്ക-റൂട്ട്സ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു. ഇതിലൂടെ വിദേശത്ത് തൊഴിൽതേടിപ്പോകുന്ന പ്രവാസികൾക്ക് അവരുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, എംബസ്സി അറ്റസ്റ്റേഷൻ എന്നിവ നടത്തിച്ചുകൊടുക്കുന്നു. നോർക്ക-റൂട്ട്സ് ഒരു അംഗീകൃത വിദേശ തൊഴിൽ റിക്രൂട്ടിംഗ് ഏജൻസിയായും പ്രവർത്തിച്ചുവരുന്നു. ഇന്ത്യയിലുള്ള വിവിധ നയതന്ത്ര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനായി നോർക്കസെൽ ന്യൂഡൽഹിയിൽ പ്രവർത്തിച്ചുവരുന്നു.

വർഷം	ബഡ്ജറ്റ് വിഹിതം(രൂപ)	ചെലവഴിച്ച തുക(രൂപ)
2007-08	1,98,23,000	1,14,24,484
2008-09	7,26,29,000	5,89,68,721
2009-10	4,97,60,000	4,02,23,386

(സി) പ്രവാസി കേരളീയകാര്യവകുപ്പിന്റെയോ നോർക്ക റൂട്ട്സെന്ന കമ്പനിയുടേയോ ആഭിമുഖ്യത്തിൽ പ്രവാസികൾക്കായി വായ്പാ പദ്ധതികൾ ഒന്നും നിലവിലില്ല. എന്നാൽ പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ള പ്രവാസികൾക്ക് സ്വയംതൊഴിൽ വായ്പയും ഭവന വായ്പയും നൽകുവാൻ ക്ഷേമനിധി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ പദ്ധതികൾ യഥാക്രമം അംഗത്വ തീയതി മുതൽ മൂന്നു വർഷത്തിനും അഞ്ചു വർഷത്തിനും ശേഷമാണ് പ്രാബല്യത്തിൽ വരിക. ക്ഷേമനിധിയുടെ പ്രവർത്തനം 12-3-2009-ലാണ് ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത വായ്പകൾ 2012 വർഷം മുതൽക്ക് അംഗങ്ങൾക്ക് ലഭ്യമാകും.

നോർക്കയുടെ ഓഫീസുകളിൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് കാലതാമസം

40 (1588) ശ്രീ. എം. ഉമ്മർ :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്കയുടെ ഓഫീസുകളിൽ നിന്നും ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് അറ്റസ്റ്റേഷൻ നടത്തികൊടുക്കുന്നത് എന്നും എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഇത്തരത്തിൽ അറ്റസ്റ്റേഷൻ നടത്തുന്നത് എന്നും വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly